## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2696 | 19-02-2016 -ൽ മറുപടി നൽകേണ്ടിയിരുന്നത്

### വരൾച്ച

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ. എം. ചന്ദ്രൻ** | | **ശ്രീ. അടൂർ പ്രകാശ് (മുൻ റവന്യൂവും കയറും വകുപ്പ് മന്ത്രി)** |
| എ) | നടപ്പ് വർഷം കാലവർഷത്തിലുണ്ടായ കുറവ് മൂലം കടുത്ത വരൾച്ചയുണ്ടാകും എന്ന് പ്രതീക്ഷിക്കുന്നുണ്ടോ; സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വരൾച്ച രൂക്ഷമാകുന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | എ) | പ്രതീക്ഷിക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ വരൾച്ച രൂക്ഷമാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| ബി) | കാലാവസ്ഥാ വകുപ്പിൽ നിന്നും ഇതു സംബന്ധിച്ച പഠന റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; | ബി) | ഇല്ല. |
| സി) | വരൾച്ച നേരിടുന്നതിന് പാലക്കാട് ജില്ലയിൽ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; ദീർഘകാലാടിസ്ഥാനത്തിലുള്ള എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | സി) | വരൾച്ചാ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി 2015-16 വർഷത്തിൽ പാലക്കാട് ജില്ലയ്ക്ക് അനുവദിച്ച 1 കോടി രൂപ ഉപയോഗിച്ച് കുളങ്ങൾ വൃത്തിയാക്കുന്നതിനും താൽക്കാലിക മൈനർ ചെക്ക്ഡാം കെട്ടുന്നതിനും റെയിൻവാട്ടർ ഹാർവെസ്റ്റിംഗ്, വാട്ടർ കിയോസ്ക് സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കും ഭരണാനുമതി നല്കിയിട്ടുണ്ട്. |
| ഡി) | നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിന് യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോ? | ഡി) | എല്ലാ ജില്ലകളിലും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ആലപ്പുഴ ജില്ലയിൽ കേരള വാട്ടർ അതോറിറ്റി, ഇറിഗേഷൻ, പമ്പാ ഇറിഗേഷൻ പ്രോജക്ട്, തദ്ദേശ സ്വയംഭരണ സ്ഥാപന അധികൃതർ തുടങ്ങിയവരുടെ യോഗം വിളിച്ചു കൂട്ടി അത്യാവശ്യ സ്ഥലങ്ങളിൽ ജലസേചനം കാര്യക്ഷമമായി നടത്തുന്നതിനും, ശുദ്ധജല സ്രോതസ്സുകൾ കാര്യക്ഷമമായി നിലനിർത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ നിലവിലുള്ള ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മീനച്ചിലാർ, മണിമലയാർ എന്നിവയിലെ |

| | | | |
|---|---|---|---|
| | | | ജലനിരപ്പ് നിലനിർത്തുന്നതിനായി താൽക്കാലിക തടയണകൾ ജനപങ്കാളിത്തത്തോടെ നിർമ്മിക്കുന്നതിനും കുടിവെള്ളത്തിനു വേണ്ടി കടവുകൾ വൃത്തിയാക്കി ജനങ്ങൾക്ക് ഉപയോഗ യോഗ്യമാക്കുന്നതിനും നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ